പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :641 | 29.11. 2018 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിലെ സാമ്പത്തിക പ്രതിസന്ധി നേരിടാൻ നടപടി

ചോദ്യം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിലെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) (i) മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞപലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.<br>(ii) കെ.എസ്.ഇ.ബി-ക്ക് DDUGJY പദ്ധതി നടപ്പിലാക്കുന്നതുവഴി ലഭിക്കേണ്ട ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതുമൂലം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതും ഗ്രാന്റ് ഭാഗം ലോണായി മാറുന്നതിനുള്ള സാധ്യത ഒഴിവാക്കുകയും ചെയ്യുന്നതാണ്.<br>(iii) കേന്ദ്രസർക്കാർ 20.11.2015-ൽ പ്രഖ്യാപിച്ച 'ഉദയ' പദ്ധതിയുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C – loss –ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.<br>(iv) മിതമായവിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുവാനാണ് ശ്രമിക്കുന്നത്. |
| (ബി) സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി പുതിയ നിയമന ശിപാർശകൾ നീട്ടിവെയ്ക്കുന്നതിനായി പബ്ലിക്ക് സർവ്വീസ് കമ്മിഷനോട് വൈദ്യുതി ബോർഡ് ആവശ്യ-പ്പെട്ടിട്ടുണ്ടോ; | (ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 33,000-ത്തോളം ജീവനക്കാർ ജോലിചെയ്യുന്നു. എന്നാൽ 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27,175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക KSERC അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

| | |
|---|---|
| | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണത്തിന്റെയും നൂതന സാങ്കേതിക വിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതുടർന്ന് ഐ.ഐ.എം കോഴിക്കോടിനെ നിയോഗിച്ചു. ഐ.ഐ.എം കോഴിക്കോടിന്റെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേയും ആവശ്യം വേണ്ട എണ്ണം ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റു തസ്തികയിലേയ്ക്കു പുനർവിന്യസിക്കേണ്ടിയും വരും. ഇവയ്ക്കു പുറമെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടെക്നീഷ്യൻമാർ എന്നിവർക്ക് Central Electricity Authority (Measures Relating to Safety & Electric Supply) Regulation, 2010 പ്രകാരം നിശ്ചിത യോഗ്യതകൾ ഉള്ളവരെ മാത്രമേ പ്രസ്തുത മേഖലകളിൽ നിയമിക്കാൻ പാടുള്ളൂ. ആയതിനാൽ CEA റഗുലേഷൻ പ്രകാരം ജീവനക്കാരുടെ യോഗ്യതകൾ പരിശീലന പരിപാടികൾ എന്നിവ പരിഷ്കരിക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്.നിലവിലെ സാഹചര്യത്തിൽ, ആവശ്യമായ ജീവനക്കാരുടെ എണ്ണവും, യോഗ്യതകളും സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ ബോർഡിന് കൂടുതൽ സമയം ആവശ്യമാണ്. ആയതിനാൽ അന്തിമരൂപമാവുന്നത് വരെ പുതിയ നിയമനങ്ങൾ നടത്താൻ കഴിയുന്ന സാഹചര്യമല്ല നിലവിലുള്ളത്. ഈ കാരണങ്ങളാൽ ബോർഡിന്റെ പുന:സംഘടനയും ജീവനക്കാരുടെ പുനർവിന്യാസവും പൂർത്തിയാവുന്നത് വരെ KPSC വഴിയുള്ള നിയമനങ്ങൾ താൽകാലികമായി നിർത്തിവയ്ക്കാൻ 30/01/2018-ൽ KPSC-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനങ്ങൾ നടത്തുന്നതിനും യാതൊരു തടസ്സവുമില്ലെന്ന് PSC-യെ അറിയിച്ചിട്ടുണ്ട്. |
| (സി) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ വിനിയോഗവും പുന:ക്രമീകരണവും സംബന്ധി- | (സി) കോഴിക്കോട് ഐ.ഐ.എം സമർപ്പിച്ച ശുപാർശകൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേക്കായി ഡയറക്ടർ (ഫിനാൻസ്) |

| | |
|---|---|
| ച്ച്പഠനംനടത്തിയകോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ ശിപാർശ യുടെ അടിസ്ഥാനത്തിൽ ജീവ- നക്കാരുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ? | അദ്ധ്യക്ഷനും, ചീഫ് എഞ്ചിനിയർ (എച്ച്.ആർ.എം) കൺവീനറായും, ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശുപാർശകൾ ഫുൾ ടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിൽ ആണ്. ടി കമ്മിറ്റിയെ സഹായിക്കുന്നതിലേക്കായി ഒരു ഉപസമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ